LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

128 [1931] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ എത്ര;

(സി) ക്ഷേമനിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ ഏറ്റവും അവസാനം എന്നാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മന്ദീഭവിച്ചിട്ടില്ല.

(ബി) 263,338.

(സി) 2004 മേയ് മാസം.

ബീവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റുകൾ

129 [1932] ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, പി. ജെ. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷന് എത്ര റീട്ടെയിൽ ഔട്ട് ലെറ്റുകളുണ്ട്;

(ബി) കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര റീട്ടെയിൽ ഔട്ട്ലെറ്റുകൾ അനുവദിച്ചിട്ടുണ്ട്;

(സി) ഈ സാമ്പത്തികവർഷം പുതിയ എത്ര റീട്ടെയിൽ ഔട്ട്ലെറ്റുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 305 എണ്ണം.

(ബി) 46 എണ്ണം.

(സി) അനുവദിച്ചിട്ടില്ല.